LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂളുകളിൽ കംപ്യൂട്ടർ സയൻസ് അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി

56 [1416] ശ്രീ. വി. ഡി. സതീശൻ:
,, ജോർജ് ജെ. മാത്യു:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, എൻ. ഡി. അപ്പച്ചൻ:
,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ ഏതെല്ലാം വിഷയങ്ങളിലെ അദ്ധ്യാപകരുടെ നിയമനത്തിനായാണ് പി. എസ്. സി. അപേക്ഷ ക്ഷണിച്ചിട്ടുള്ളത്;

(ബി) കംപ്യൂട്ടർ സയൻസ് അദ്ധ്യാപകരുടെ നിമയനത്തിനുവേണ്ടി പി. എസ്. സി. അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ഗവൺമെന്റ് സ്കൂളുകളിൽ ഹയർ സെക്കന്ററി വിഭാഗത്തിൽ കംപ്യൂട്ടർ സയൻസിൽ ബോധനം നൽകുന്നുണ്ടോ;

(ഡി) ഇതിനുവേണ്ടി എന്തു വിദ്യാഭ്യാസ യോഗ്യത നേടിയവരെയാണ് ഇപ്പോൾ നിയമിച്ചിട്ടുള്ളത്;

(ഇ) എയ്ഡഡ് സ്കൂളുകളിൽ കംപ്യൂട്ടർ സയൻസ് പഠിപ്പിക്കുന്നവരുടെ വിദ്യാഭ്യാസ യോഗ്യതയെന്താണ്;

(എഫ്) എം. സി. എ., എം. എസ്. സി. (കംപ്യൂട്ടർ സയൻസ്) എന്നീ യോഗ്യതകൾ നേടിയിട്ടുള്ളവരെ കംപ്യൂട്ടർ സയൻസ് അദ്ധ്യാപകരായി ഗവൺമെന്റ് സ്കൂളുകളിൽ പി. എസ്. സി. വഴി നിയമിക്കപ്പെടുന്നതിനുള്ള നടപടിയെടുക്കുമോ?

ഉത്തരം

(എ — എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സർക്കാർ പ്ലസ് ടു സ്കൂളുകളിൽ ഓരോ വിഷയത്തിനുമുള്ള എച്ച്. എസ്. എസ്. ടി. തസ്തികകളുടെ എണ്ണം

57 [1417] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ ജില്ലയിലെയും സർക്കാർ പ്ലസ് ടു സ്കൂളുകളിൽ ഓരോ വിഷയത്തിനുമുള്ള എച്ച്. എസ്. എസ്. ടി., എച്ച്. എസ്. എസ്. ടി. ജൂനിയർ അദ്ധ്യാപകരുടെ എത്ര തസ്തികകൾ വീതമുണ്ടെന്ന് വെളിപ്പെടുത്താമോ;